(ബി) 2002-ാം നമ്പർ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ കിണറുകൾ കുഴിക്കുന്നതിനും ഭൂജലം ഉപയോഗിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കുമെങ്കിലും ഇതുവരെയും ഒരു സ്ഥലവും വിജ്ഞാപനം ചെയ്യപ്പെട്ടിട്ടില്ല. പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ ഭൂജലവിതാനം സംബന്ധിച്ച് പഠനം നടത്തി ഏതൊക്കെ പ്രദേശങ്ങളിലാണ് നിയന്ത്രണം ഏർപ്പെടുത്തേണ്ടതെന്ന് ഇതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള ഗ്രൗണ്ട് വാട്ടർ അതോറിറ്റി തിട്ടപ്പെടുത്തിയ ശേഷമേ നിയന്ത്രണം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് തീരുമാനം എടുക്കുകയുള്ളൂ. ഇക്കഴിഞ്ഞ വരൾച്ചക്കാലത്ത് കൊക്കോകോള കമ്പനിയെ 21-2-04-ലെ സർക്കാർ ഉത്തരവ് (സാധാരണം) നം. 1179/04 റവ പ്രകാരം ഇടവപ്പാതിവരെ വെള്ളമെടുക്കുന്നത് തടഞ്ഞിരുന്നു. കോളക്കമ്പനികളുടെ ഭൂഗർഭ ചൂഷണത്തെക്കുറിച്ച് വിശദമായ പഠനം നടത്തുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു വിദഗ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) കുടിവെള്ളത്തിന് കിണർ കുഴിക്കുന്നതിന് ഇപ്പോൾ നിയന്ത്രണങ്ങൾ ഇല്ല.

ആമച്ചൽ മാതൃകാ നീർത്തട പദ്ധതി

44 [1022] ശ്രീ. എഴുകോൺ നാരായണൻ:
„ എൻ. ഡി. അപ്പച്ചൻ:
„ എ. കെ. മണി:
„ കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാതൃകാ നീർത്തട പദ്ധതികൾ പ്രവർത്തിക്കുന്നു;

(ബി) ഇവയുടെ പ്രവർത്തനം ഏതു വിധത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) ആമച്ചൽ മാതൃകാ നീർത്തട പദ്ധതി പ്രകാരം ഇതുവരെ എന്തെല്ലാം വർക്കുകൾ പൂർത്തിയായി; ഇതിന് എന്ത് ചെലവ് വരും;

(ഡി) ജനപങ്കാളിത്തംമൂലം ആമച്ചൽ മാതൃകാ നീർത്തട പദ്ധതി പ്രവർത്തനങ്ങൾക്ക് എന്ത് ചെലവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) രണ്ട്. അവ കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര ബ്ലോക്കിലെ കുണ്ടൂർമുഴി മാതൃകാ നീർത്തട പദ്ധതിയും, തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ ആമച്ചാൽ നീർത്തട പദ്ധതിയും ആണ് നിലവിലുള്ളത്.

(ബി) കുണ്ടൂർമുഴി മാതൃകാ നീർത്തട പദ്ധതി പേരാമ്പ്രാ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഏജൻസിയായും, ആമച്ചൽ മാതൃകാ നീർത്തട പദ്ധതി കാട്ടാക്കട ഗ്രാമ പഞ്ചായത്ത് നിർവ്വഹണ ഏജൻസിയായും ജനപങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നു. വിവിധ പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്തൃ കമ്മിറ്റികളുടെ മേൽ നോട്ടത്തിലാണ് നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആമച്ചൽ മാതൃകാ നീർത്തട പദ്ധതി പ്രകാരം ഇതുവരെ ചെറുകിട ജലസേചന പ്രവർത്തനങ്ങളുടെ ഭാഗമായി പായിത്തലക്കുളം നവീകരണ പ്രവർത്തനം പൂർത്തിയാക്കി. ഈ പ്രവർത്തിക്ക് 6,77,227 രൂപ ചെലവായി. ഭാഗീകമായി പൂർത്തിയാക്കിയ മേലെചിറക്കുളത്തിന്റെ നവീകരണത്തിന് 4,84,435 രൂപയും പായിത്തലക്കുളം നവീകരണത്തിന് 5,26,411 രൂപയും മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്ക് 3,42,582.50 രൂപയും കൃഷിക്കായി 1,02,328 രൂപയും ഗുണഭോക്തൃ കമ്മിറ്റികൾ ചെലവഴിച്ചിട്ടുണ്ട്.

ഈ സമഗ്ര നീർത്തട പദ്ധതിയിലെ മഴവെള്ള സംഭരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റി 3,10,000 രൂപ ചെലവിൽ 5 മഴവെള്ള സംഭരണ യൂണിറ്റുകൾ ജനപങ്കാളിത്തത്തോടെ കൈരളി കോളനിയിലെ 26 വീടുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കി.

(ഡി) പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്തതിനാൽ തിട്ടപ്പെടുത്തുവാൻ സാധിച്ചില്ല.

നാദാപുരം നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ

45 [1023] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ നിലവിലുള്ള കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പൂർത്തിയാകാത്തതും കമ്മീഷൻ ചെയ്യാനുള്ളതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം കാരണങ്ങളാലാണ് പ്രസ്തുത പദ്ധതികൾ പൂർത്തിയാകാതെ കിടക്കുന്നതെന്നും ഇത് പൂർത്തിയാകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) ഈ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഇക്കഴിഞ്ഞ രൂക്ഷമായ വരൾച്ചാ സമയത്ത് ഈ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ഓഞ്ചിയം, ചോറോട്, ഏറാമല, വില്യാപള്ളി, നാദാപുരം, തൂണേരി തുടങ്ങിയ വില്ലേജുകളിലേക്കുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായ നാദാപുരം, തൂണേരി പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതി.

2. നാദാപുരം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly